# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2666** **19/06/2014** ൽ മറുപടിക്ക്

### കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള മദ്രസ ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സാജു പോൾ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്തെ മദ്രസകളുടെ പഠനനിലവാരം ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുകയാണ് ധനസഹായമായി ലഭിച്ചത്; | എ) | 2010-11 സാമ്പത്തിക വർഷത്തിൽ 22.67 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 70.97 കോടി രൂപയും മദ്രസകളുടെ പഠന നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായമായി ലഭിച്ചിട്ടുണ്ട്. |
| ബി) | ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണ്; | ബി) | സംസ്ഥാനത്ത് ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത് പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാന ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റിയാണ്. ഈ കമ്മിറ്റിയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ കൺവീനറാണ്. |
| സി) | ഈ തുക വിതരണം ചെയ്തിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇതിനകം ഫണ്ട് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; | സി) | 2010-11 സാമ്പത്തിക വർഷത്തിൽ ലഭിച്ച 22.67 കോടി രൂപ മുഴുവൻ സംസ്ഥാനത്തെ 547 മദ്രസകൾക്കായി വിതരണം ചെയ്തു. 2013-14 സാമ്പത്തിക വർഷത്തിൽ ലഭിച്ച 70.97 കോടി രൂപയിൽ 58.19 കോടി രൂപ സംസ്ഥാനത്തെ 1328 മദ്രസകൾക്കായി വിതരണം ചെയ്തു. രണ്ട് സാമ്പത്തിക വർഷങ്ങളിലായി 1875 മദ്രസകൾക്കായി ഗ്രാന്റ് അനുവദിച്ചുകൊടുത്തിട്ടുണ്ട്. |
| ഡി) | മദ്രസകൾക്ക് പണം അനുവദിക്കുന്നതിന് എന്തെല്ലാം നിബന്ധനകൾ പാലിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്; ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ബില്ലുകൾ ഒരേ സ്ഥാപനം നൽകിയതാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | ഡി) | മദ്രസകളിൽ ആധുനിക വിഷയങ്ങൾ പഠിക്കുന്നതിനായി കുറഞ്ഞത് പത്ത് വിദ്യാർത്ഥികൾ ഉണ്ടായിരിക്കണം. മാത്രമല്ല, സംസ്ഥാനത്തെ മദ്രസാ ബോർഡ്/വഖഫ് ബോർഡ്/NIOS എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവ ആയിരിക്കണം. സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മദ്രസകൾക്കും ഗ്രാന്റ് നൽകുന്നതായിരിക്കും. മൂന്ന് വർഷമായി ഇത്തരത്തിൽ പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | മദ്രസകളിൽ നിന്നും അപേക്ഷ ക്ഷണിച്ച്, അവയിൽ നിന്നും സംസ്ഥാന ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകൾക്കാണ് കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്. ഈ ഗ്രാന്റുപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ സർക്കാർ അനുശാസിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരം ഏതു പ്രസാധകരിൽ നിന്നും വാങ്ങാവുന്നതാണ്. അതുപോലെ ലാബിലെ ഉപകരണങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതു സ്ഥാപനത്തിൽനിന്നും വാങ്ങാവുന്നതാണ്. ഫണ്ട് ലഭിക്കുന്നതിനായി ഒരേ സ്ഥാപനം ബില്ലുകൾ നൽകിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ഇ) | കേന്ദ്ര സർക്കാറിന്റെ നിബന്ധന കൾ പാലിക്കാത്ത മദ്രസകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | ഇ) | കേന്ദ്ര സർക്കാറിന്റെ നിബന്ധന കൾ പാലിക്കാത്ത മ ദ്ര സകൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ